15,000 രൂപയാണ് കൊടുക്കുക, ബാക്കിയുള്ളത് ഭവന നിർമ്മാണ ബോർഡുമായി ചേർന്നിട്ട് വീട് നഷ്ടപ്പെട്ടവർക്ക് പൂർണ്ണമായിട്ടും കൊടുക്കുന്നതിനുള്ള ഏർപ്പാട് ഞങ്ങൾ ചെയ്തിട്ടുണ്ട്. ഈ ദുരിതം ബാധിച്ചിട്ടുള്ള പ്രദേശങ്ങളിൽ 40 കുടുംബങ്ങൾക്ക് രണ്ടാഴ്ചത്തെ സൗജന്യറേഷൻ നൽകി. കൃഷി നാശത്തിന്റെ തോത് തിട്ടപ്പെടുത്തിയതിന്റെ കണക്കുകൾ ഇവിടെ കിട്ടിയിട്ടുണ്ട്. ആ കണക്കിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് നൽകേണ്ട സംഖ്യ നൽകുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ചുകൊടുത്തിട്ടുണ്ട്. അതുപോലെ അവിടെ ധാരാളം റോഡുകൾക്ക് നാശനഷ്ടം ഉണ്ടായി എന്നൊക്കെ പറയുന്നുണ്ട്. അതിൽ ഏറ്റവും അടിയന്തിര പ്രാധാന്യത്തോടുകൂടി പുനർ നിർമ്മാണം നടത്തേണ്ടതാണെന്ന് ബോദ്ധ്യമായ ചിറ്റാരി നെടുമ്പറമ്പു റോഡിലെ ചിറ്റാരി തോട് പാലത്തിന് 2 ലക്ഷം രൂപയും, ചിറ്റാരി വാളാന്തോട് റോഡിൽ നറുക്കുകല്ല് പാലത്തിന് ഒന്നര ലക്ഷം രൂപയും, ആയോട്ടിൽ റോഡിൽ ചിറ്റാരി തോടിൽ പാലം ഒന്നരലക്ഷം രൂപയും, ചിറ്റാരി നെടുമ്പറമ്പ് റോഡിന് 6 ലക്ഷം രൂപയും, കാലിക്കുളമ്പ്, ഇളമ്പ, കണ്ടിവാതുക്കൽ, ആയോട് റോഡിന് 10 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അങ്ങനെ റോഡിനും പാലത്തിനും വേണ്ടി 21 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൃഷിനാശത്തിന്റെ തോതുകൾക്കനുസരിച്ച് കൊടുക്കാനുള്ള നഷ്ടപരിഹാരം നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സാമ്പത്തിക സഹായങ്ങളെല്ലാം നൽകിയിട്ടുണ്ട്. യാതൊരു ആക്ഷേപത്തിനും വകയില്ലാത്ത രീതിയിൽ ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

(8) മലബാർ മേഖലയിലെ കർഷകർക്ക് സംരക്ഷണവും ഭൂമിക്ക് പട്ടയവും നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. ജോസ് ബേബി : സർ, വർഷങ്ങളായി മലയോരങ്ങളിൽ താമസിക്കുന്ന മലയോര കർഷകർ വനഭൂമിയുടെ പേരിലും മിച്ചഭൂമിയുടെ പേരിലും ഇന്ന് കുടിയിറക്കൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് പട്ടയവിതരണം നടത്തും എന്ന് പ്രഖ്യാപിച്ചിട്ടുള്ളത് 5 ജില്ലകളിൽ മാത്രമാണ്. ആ 5 ജില്ലകൾ ഒഴിച്ചുള്ള ജില്ലകളിൽ പ്രത്യേകിച്ച് മലബാർ പ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന മലയോര കൃഷിക്കാർ പ്രത്യേകിച്ച് നാൽപ്പതും അൻപതും വർഷങ്ങളായിട്ടുള്ള കുടിയേറ്റ കർഷകർ ഉൾപ്പെടെയുള്ള ആളുകളെ റവന്യൂ ഉദ്യോഗസ്ഥന്മാർ, അതുപോലെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ ഇവരൊക്കെത്തന്നെ കുടിയൊഴിപ്പിക്കുവാനുള്ള ശക്തമായ പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ അവരെ ആ ഭീഷണിയിൽ നിന്ന് സംരക്ഷിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവണ്മെന്റ് തന്നെ തീരുമാനിച്ചിട്ടുള്ളത് 5 ജില്ലകളിലെ പട്ടയം കൊടുക്കാനാണ്. എന്നാൽ 5 ജില്ലകളിൽ മലബാർ പ്രദേശങ്ങൾ ഉൾപ്പെടുന്നില്ല. 5 ജില്ലകൾ എന്നുപറയുമ്പോൾ തിരുവനന്തപുരത്തിനു സമീപത്തുള്ള 5 ജില്ലകൾ മാത്രമാണ്. മലബാർ പ്രദേശങ്ങളിലെ ബാക്കി ജില്ലകളിലും പത്തും മുപ്പതും നാൽപ്പതും വർഷങ്ങളായി താമസിക്കുന്ന ആളുകൾക്ക് അവരുടെ ജീവിതസുരക്ഷയും, അവർ അദ്ധ്വാനിച്ചുണ്ടാക്കിയ ഭൂമി അവരുടേതാണെന്ന് ഉറപ്പ് നൽകുന്ന തരത്തിൽ അവർക്ക് പട്ടയം ലഭിക്കുന്നതിനും, അവരുടെ ഭൂമിക്ക് സംരക്ഷണം നൽകുന്നതിനും ആവശ്യമായ നടപടികൾ സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. മുപ്പതും നാൽപ്പതും വർഷമൊക്കെ ആയിട്ടുള്ള ആളുകളെ അവർക്ക് കുടിയൊഴിപ്പിക്കൽ ഭീഷണി വരുന്ന സമയത്ത് അതിൽ നിന്ന് മോചനം ലഭിക്കുന്നതിനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുകൊണ്ട് മലബാർ പ്രദേശങ്ങളിൽ നിർബന്ധമായും പട്ടയം കൊടുക്കുന്നതിനുള്ള നടപ

LIBRARY ARCHIVES Kerala Legislative Assembly

ടികൾ സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, 1.1.1977-നു മുൻപുവരെ കൈവശമുണ്ടായിരുന്ന മലയോര കൃഷിക്കാർക്ക് പട്ടയം കൊടുക്കണമെന്ന പ്രശ്നത്തിൽ ഒരു പൊതുധാരണയുണ്ടാക്കി സംയുക്ത സർവ്വേ നടത്തി അതിന്റെ റിപ്പോർട്ട് കേന്ദ്ര ഗവണ്മെന്റിന് നൽകി കേന്ദ്രത്തിന്റെ അനുമതി കിട്ടിയതാണ്. 28,588 ഹെക്ടറിനാണ് ഇപ്പോൾ നമ്മൾ പട്ടയം കൊടുക്കുന്നത്. ആകെ 5 ജില്ലകളാണ്. ആ ജില്ലകളിൽ മലബാർമേഖല വരുന്നില്ല. അതുകൊണ്ട് മലബാർ മേഖലകളിൽ ഉണ്ടായിരുന്ന വനം കൈവശക്കാരുടെ കണക്കുകൾ എടുക്കാൻ'89-ൽ ഒരു തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിലാണ് സംയുക്ത പരിശോധന ആരംഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ '90 മുതൽ സംയുക്ത പരിശോധന നടത്തി. പാലക്കാട്, കോഴിക്കോട് ഫോറസ്റ്റ് സർക്കിളിന്റെ കീഴിൽ ഏകദേശം 9,200 ഹെക്ടർ ഭൂമിയാണ് ഫോറസ്റ്റ് വെരിഫിക്കേഷന് ഉണ്ടായിരുന്നത്. ഇതിൽ ഏകദേശം 7,500 ഹെക്ടറോളം നിക്ഷിപ്ത വനഭൂമിയിൽ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ട്. സംയുക്ത പരിശോധന നടത്തിയതിന്റെ ഏകദേശം 1,000 ഹെക്ടർ ഭൂമിയാണ് '77-നു മുൻപുള്ള കൈവശഭൂമിയായി തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇനിയും 1,800 ഹെക്ടർ ഭൂമി വെരിഫിക്കേഷൻ നടത്താനുണ്ട്. ബാക്കിയുള്ളതിന്റെ സംയുക്ത പരിശോധന ജനുവരി മാസം പൂർത്തിയാക്കാനും, '77-നു മുൻപുള്ള കൈവശങ്ങൾ തിട്ടപ്പെടുത്തുന്നതിന് കേന്ദ്രഗവണ്മെന്റിന്റെ അനുമതി ലഭ്യമാക്കണമെന്നും ഞങ്ങൾ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെയും മലബാർ മേഖലയിലെയും കേരളത്തിലെ ഇപ്പോൾ കേന്ദ്ര ഗവണ്മെന്റിന്റെ അനുമതി കിട്ടിയിട്ടില്ലാത്ത മറ്റു പ്രദേശങ്ങളിലെയും പട്ടയം 1.1.77 നു മുൻപു കൈവശമുള്ളവരാണെന്ന നിലയിൽ സംയുക്ത സർവ്വേ നടത്തി പൂർത്തിയാക്കിയതിന് ഉടനെ പട്ടയം നൽകണമെന്ന് ഞങ്ങൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ആഴ്ച 6-ാം തീയതി കേന്ദ്രത്തിലെ വനം വകുപ്പുമന്ത്രിയെ നേരിട്ട് കാണുകയും അദ്ദേഹത്തിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. അതിൽ പാലക്കാട് ഡിവിഷനും, കോഴിക്കോട് ഡിവിഷനുമെല്ലാം ഉൾപ്പെടുന്നുണ്ട്. 13,892 ഹെക്ടർ ഭൂമിക്കാണ് തുടർന്ന് പട്ടയം നൽകാൻ അനുമതി തരണമെന്ന് നമ്മൾ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിനോടൊപ്പം തന്നെ കൈവശ ഭൂമിയിലെ കുടിയിറക്ക് പ്രശ്നവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. അത് പ്രതിഫലം നൽകിയോ, മറ്റു വിധത്തിൽ ആർജ്ജിക്കുകയോ ചെയ്തിട്ടുള്ളത് എന്ന് രജിസ്റ്റർ ചെയ്ത പ്രമാണങ്ങളുടെ അടിസ്ഥാനത്തിലോ, മറ്റ് ഉത്തമവിശ്വാസത്തിലോ വാങ്ങിയിട്ടുള്ള കുറെയേറെ കൈവശ കൃഷിക്കാർ പാലക്കാട് ജില്ലയിലും മലബാർ ഭാഗത്തെ പല ജില്ലകളിലും ഉണ്ട്. കർഷകരും കുടികിടപ്പുകാരും അവരുടെ കൈവശഭൂമി മിച്ച ഭൂമി കേസുകളിൽ ഉൾപ്പെട്ടതിന്റെ പേരിൽ വിവിധ കോടതിവിധികളുടേയും മറ്റും അടിസ്ഥാനത്തിൽ ഇപ്പോൾ ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നു എന്നത് ഒരു വസ്തുതയാണ്. അത്തരം സംഭവങ്ങൾ അവിടെ ധാരാളമുണ്ട്. അങ്ങനെ പല സ്ഥലങ്ങളിലും അത്തരം സംഭവങ്ങൾ ഉണ്ടെന്നും അവരെ ഒഴിപ്പിക്കാൻ പലവിധ ശ്രമങ്ങൾ നടത്തിയിട്ടും ജീവിതയാഥാർത്ഥ്യങ്ങൾ കണക്കിലെടുത്ത് അതിനു സാധിക്കുന്നില്ല എന്നുള്ള ഒരവസ്ഥയിൽ സാവകാശം അക്കാര്യത്തിൽ ഒരു തീരുമാനം ഗവണ്മെന്റ് എടുക്കേണ്ടതുണ്ട്. അതുകൊണ്ടാണ് തൽക്കാലം കൈവശക്കാരെയും കർഷകരായ കുടികിടപ്പുകാരെയും ഒഴിപ്പിക്കലിൽ നിന്നും '99-മാർച്ച് 31-ാം തീയതി മുതൽ രണ്ടു വർഷക്കാലത്തേക്ക് തടഞ്ഞുകൊണ്ട് കേരള നിയമസഭ 'ഒഴിപ്പിക്കൽ നടപടി നിർത്തിവയ്ക്കൽ ആക്ട് പാസാക്കിയത്. ഒഴിപ്പിക്കൽ നിർവ്വാഹമില്ലാത്തതുകൊണ്ടാണ്. കോടതി വിധി ഉണ്ടാവുകയും ഒഴിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടും കൃഷിക്കാരുടെ ശക്തിയായ എതിർപ്പുകൾ ഉണ്ടായതിനെ

LIBRARY ARCHIVES Kerala Legislative Assembly

ത്തുടർന്ന് ഒഴിപ്പിക്കാൻ പറ്റാതെവന്നു. അങ്ങനെയുള്ള കേസുകൾ ധാരാളം മലബാർ ജില്ലകളിൽ ഉണ്ടെന്ന് ബോദ്ധ്യമായതുകൊണ്ടാണ് തൽക്കാലം ആ നടപടികൾ നിർത്തിവച്ചത്. മേൽപ്പറഞ്ഞ കൈവശക്കാരേയും, കർഷകരായ കുടികിടപ്പുക്കാരെയും ഭൂമിയിലെ ഉടമസ്ഥാവകാശം ഇല്ലാതാകുന്നതിൽ നിന്നും സംരക്ഷണം നൽകിക്കൊണ്ട് കേരള ഭൂ പരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണിച്ചുവരികയാണ്. നിയമം 9-ാം ഷെഡ്യൂളിൽപ്പെടുത്തിയായതുകൊണ്ട് കേന്ദ്രത്തിന്റെ അനുമതി യോടുകൂടി മാത്രമേ അതിൽ എന്തെങ്കിലും ഭേദഗതി കൊണ്ടുവരാൻ സാധി ക്കൂ. ഈ പ്രശ്നത്തിൽ പ്രതിപക്ഷ, ഭരണകക്ഷി വ്യത്യാസമില്ലാതെ അഭി പ്രായ സമന്വയം ഉണ്ടാകേണ്ട വിഷയങ്ങൾ ഉണ്ട്. അത്തരം കാര്യങ്ങളൊക്കെ ചർച്ച ചെയ്തതിനുശേഷം ഇവർക്ക് ഈ കൈവശഭൂമിയിൽ സ്ഥിരാവകാശം നൽകുവാൻ കഴിയുമോ, അവരെ ഒഴിപ്പിക്കേണ്ടിവരുമോ എന്നുള്ളതിന്റെ യൊക്കെ അടിസ്ഥാനത്തിലേ നമുക്ക് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. രണ്ടു കൊല്ലത്തേക്ക് ഇത്തരം കേസുകളിൽ ഒഴിപ്പിക്കാൻ പാടില്ല എന്ന നിയമം നിലവിലുണ്ട്. ബാക്കി വനഭൂമിയിലെ കൈവശക്കാർക്ക് 1.1.77-ന് മുൻപുള്ളതാണ് എന്ന് ഉത്തമ ബോദ്ധ്യമായ കേസുകൾക്ക് പട്ടയം കൊടുക്കു ന്നതിനുവേണ്ടി കേന്ദ്ര ഗവണ്മെന്റിന്റെ അനുമതി നമ്മൾ ആവശ്യപ്പെട്ടിട്ടുമുണ്ട്.

(9) ആര്യനാട് മണ്ഡലത്തിലെ റോഡുകളുടെ ശോച്യാവസ്ഥ

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, എന്റെ നിയോജകമണ്ഡലത്തിലെ റോഡുകളുടെ പരിതാപകരമായ ഒരവസ്ഥ വീണ്ടും ഈ സഭയിൽ അവതരിപ്പി ക്കുന്നതിൽ എനിക്ക് വളരെയധികം ദുഃഖമുണ്ട്. കേരളത്തിലെ മൂഴുവൻ റോഡുകളുടെയും കാര്യം എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. തമ്പാനൂർ രവി ഇവിടെ അവതരിപ്പിക്കുന്നുണ്ട്. കഴിഞ്ഞ തവണ ഞാൻ ഒരു കാളിംഗ് അറ്റൻഷനായിത്തന്നെ റോഡുകളുടെ അവസ്ഥ ഇവിടെ അവതരിപ്പിച്ചതാണ്. കേരളത്തിലെ ഉത്തരവാദപ്പെട്ട പത്രങ്ങൾ അന്ന് എഡിറ്റോറിയൽ വരെ എഴു തി. ഇന്നും അവസ്ഥ മാറിയിട്ടില്ല. ധനകാര്യ മന്ത്രികൂടി ഇതൊന്നു ശ്രദ്ധിക്ക ണം. നേരത്തെ ധനകാര്യമന്ത്രി ഈ ഗവണ്മെന്റിന്റെ സ്ഥിതി ഇവിടെ പറഞ്ഞു. 'നാഴൂരി പാലുകൊണ്ട് നാടാകെ കല്യാണം' മൈക്കിൾ ജാക്സണെപ്പോലെ വലിയ സ്റ്റേഡിയത്തിൽ ഫ്ളഡ് ലൈറ്റിൽ അടിപൊളി സംഗീതവുമായിട്ട് തുട ങ്ങിയ ഒരു ഗവണ്മെന്റ് നാഴൂരി പാലുകൊണ്ട് നാടാകെ കല്യാണം നടത്തുന്ന ശോകഗാനം പാടി ഒരു ശോകാർദ്ര അവസ്ഥയിൽ വന്നുനിൽക്കുന്നത് സാമ്പ ത്തിക രംഗത്തെ തകർച്ചയാണ്. ധനകാര്യ മന്ത്രി ആ മറുപടി പറഞ്ഞപ്പോൾ ദയവുചെയ്ത് ഞങ്ങളുടെ നാട്ടിലെ റോഡുകളെ ഇത് ബാധിക്കരുത് എന്ന ഒരു അപേക്ഷ സമർപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ അത് ഇവിടെ പറഞ്ഞ ത്. നെടുമങ്ങാട് താലൂക്ക് ഈ ജില്ലയിലെ ഏറ്റവും വലിയ താലൂക്കാണ്. അവിടത്തെ എം.എൽ.എ. ശ്രീ. പാലോട് രവി ഇവിടെ ഇരിപ്പുണ്ട്. ഞങ്ങളു ടേത് ഒരു മലയോര താലൂക്കാണ്. Gods own country-യിൽപ്പെട്ടതാണ് ഞങ്ങളുടെ പൊൻമുടി. അത് ആര്യനാട് ജില്ലയിൽ കൂടിയാണ് പോകേണ്ടത്. കോവളത്തു നിന്നും പൊൻമുടിയിൽ എത്തണമെങ്കിൽ കിലോമീറ്ററോളം യാത്ര ചെയ്യണം. അവിടെ എത്തിക്കഴിഞ്ഞാൽ യാത്രക്കാർക്ക് ഒരു ആയുർവേദ തിരുമ്മൽ കേന്ദ്രം കൂടി കൊടുക്കണം. കാരണം റോഡുകൾ ഇല്ല. ഞങ്ങളുടെ സബ് ഡിവിഷനിൽ മാത്രമായി ഒന്നര കോടി രൂപ പഴയ ബാലൻസ് കൊടുക്കാനുണ്ട്. ബാലൻസിന്റെ കണക്കുപറയൽ അല്ല ഇവിടെ പ്രശ്നം. നെടുമങ്ങാട് ഡിവിഷനിൽ മാത്രം 5 കോടി രൂപ, ആറര കോടി രൂപ അവിടെ കുടിശ്ശിക കിട്ടാനിരിക്കെ അങ്ങയുടെ ഡിപ്പാർട്ടുമെന്റ് ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly